**ഭരണഭാഷ–മാതൃഭാഷ**

**അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**(ഹാജർ: കെ. ജനാർദ്ദനൻ)**

തിരുവനന്തപുരം,

നമ്പർ: PTGD/980/2023–ഇ 8 — തീയതി: 02. 03. 2024

വിഷയം:– അച്ചടി വകുപ്പ് – ജീവനക്കാര്യം – സീനിയർ സൂപ്രണ്ട്/ജില്ലാ ഫോറം ഓഫീസർ/പബ്ലിക്കേഷൻ അസിസ്റ്റന്റ്/ഓഫീസ് മാനേജർ തസ്തിക – സ്ഥലംമാറ്റ നിയമനം നൽകി ഉത്തരവാകുന്നു.

പരാമർശം:–
1. സർക്കാരിന്റെ 28.11.1996 ലെ ജി.ഒ.(പി) നം. 464/66/പിഡി നമ്പർ ഉത്തരവ്.
2. അച്ചടി വകുപ്പ് ഡയറക്ടറുടെ 29.06.2022 ലെ PTGD/25040/2021–ഇ 8 നമ്പർ ഉത്തരവ്.
3. അച്ചടി വകുപ്പ് ഡയറക്ടറുടെ 03.02.2023 ലെ PTGD/2389/2022–ഇ 8 നമ്പർ ഉത്തരവ്.
4. അച്ചടി വകുപ്പ് ഡയറക്ടറുടെ 20.04.2023 ലെ PTGD/980/2023–ഇ 8 നമ്പർ ഉത്തരവ്.
5. അച്ചടി വകുപ്പ് ഡയറക്ടറുടെ 27.06.2023 ലെ PTGD/2389/20222–ആ 8 നമ്പർ ഇ–വേക്കൻസി റിപ്പോർട്ട് (Proforma ID No. 36959)
6. പാലക്കാട് ജില്ലാ ഫോംസ് ഓഫീസറുടെ 10.01.2024 ലെ 34/2024/ഡി.എഫ്.എസ്2 നമ്പർ കത്ത്.
7. വയനാട് ഗവൺമെന്റ് പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 05.12.2023 ലെ 824/2023/ജിപിഡബ്ല്യൂ നമ്പർ കത്ത്.

**ഉത്തരവ്**

അച്ചടി വകുപ്പിലെ വയനാട് ഗവൺമെന്റ് പ്രസ്സ് സീനിയർ സൂപ്രണ്ട് ശ്രീ. കെ. ടി. വിൽസൺ 31.03.2022 ന് സർവ്വീസിൽ നിന്നും അധിവർഷ പെൻഷൻ പറ്റി വിരമിച്ചതിനാൽ വയനാട് ഗവൺമെന്റ് പ്രസ്സിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവുണ്ടാവുകയും പ്രസ്തുത ഒഴിവിലേയ്ക്ക് അച്ചടി വകുപ്പിലെ സീനിയർ സൂപ്രണ്ട്/ജില്ലാ ഫോറം ഓഫീസർ തത്തുല്യ തസ്തികയിലെ 2022 വർഷത്തെ സെലക്ട് ലിസ്റ്റ് കേരള സർക്കാരിന്റെ 22.06.2022 ലെ 2165–ാം നമ്പർ അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയും ടി സെലക്ട് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) ജി. സന്തോഷ് കുമാറിനെ പരാമർശം (2) പ്രകാരം വയനാട് ഗവൺമെന്റ് പ്രസ്സിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ തസ്തികമാറ്റ നിയമനം നൽകി ഉത്തരവായിരുന്നു.

പരാമർശം (3) ഉത്തരവ് പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിൽ ഏറ്റവും ജൂനിയറായി ജോലി ചെയ്തിരുന്ന ശ്രീ.ജി.സന്തോഷ് കുമാർ, സീനിയർ സൂപ്രണ്ട്, ഗവ.പ്രസ്സ്, വയനാട് നെ

സ്ഥാനയിറക്കം നൽകി ശ്രീമതി. റീറ്റാ വർഗ്ഗീസിനെ വയനാട് ഗവ.പ്രസ്സിൽ സീനിയർ സൂപ്രണ്ടായി നിയമിച്ചു കൊണ്ട് വാഴൂർ ഗവ.പ്രസ്സിലെ സീനിയർ സൂപ്രണ്ട് തസ്തിക SC/ST സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി കേരള പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുകയും അച്ചടി വകുപ്പിന് കീഴിലെ വയനാട് ഗവൺമെന്റ് പ്രസ്സിലെ സീനിയർ സൂപ്രണ്ട്, പാലക്കാട് ജില്ലാ ഫോംസ് ഓഫീസർ എന്നീ തസ്തികകളിലേയ്ക്ക് പരാമർശം (4) പ്രകാരം നിയമനം നൽകി ഉത്തരവായിരുന്നു.

കേരള പി. എസ്. സി യിൽ നിന്നും ലഭിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവ് സ്റ്റേറ്റ് വൈഡ് ആയി റിപ്പോർട്ട് ചെയ്യുകയുണ്ടായി. നിലവിൽ പരാമർശം (6), (7) എന്നിവ പ്രകാരം സ്ഥലം മാറ്റം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് വാഴൂർ ഗവ.പ്രസ്സിലെ സീനിയർ സൂപ്രണ്ട് ശ്രീ. ജി. സന്തോഷ് കുമാർ, പാലക്കാട് ജില്ലാ ഫോംസ് ഓഫീസർ ശ്രീമതി. റീറ്റാ വർഗ്ഗീസ് എന്നിവർ അപേക്ഷകൾ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ അച്ചടി വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനും ഭരണപരമായ സൗകര്യാർത്ഥം ചുവടെ പറയുന്ന ജീവനക്കാർക്ക് സീനിയർ സൂപ്രണ്ട്/ജില്ലാ ഫോറം ഓഫീസർ/പബ്ലിക്കേഷൻ അസിസ്റ്റന്റ്/ഓഫീസ് മാനേജർ എന്നീ തസ്തികകളിൽ സ്ഥലംമാറ്റ നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക നിലവിലെ കാര്യാലയം | തസ്തികമാറ്റ നിയമനം നൽകി നിയമിക്കുന്ന കാര്യാലയം | ഒഴിവ് സംബന്ധിച്ച വിവരം | ഒഴിവിന്റെ സ്വഭാവം |
|---|---|---|---|---|
| 1. | ശ്രീമതി. എ. എസ്. ഷീല, ജില്ലാ ഫോംസ് ഓഫീസർ, (51400-110300) ജില്ലാ ഫോംസ് സ്റ്റോർ, കോട്ടയം | സ്ഥലം മാറ്റം സീനിയർ സൂപ്രണ്ട് (51400-110300) ഗവൺമെന്റ് പ്രസ്സ്, വാഴൂർ, കോട്ടയം | നിലവിലെ ഒഴിവിൽ | ഭരണപരമായ സൗകര്യാർത്ഥം |
| 2 | ശ്രീമതി. റീറ്റാ വർഗ്ഗീസ്, ജില്ലാ ഫോംസ് ഓഫീസർ, (51400-110300) ജില്ലാ ഫോംസ് സ്റ്റോർ, പാലക്കാട് | സ്ഥലം മാറ്റം ജില്ലാ ഫോംസ് ഓഫീസർ, (51400-110300) ജില്ലാ ഫോംസ് സ്റ്റോർ, കോട്ടയം | ശ്രീമതി. എ. എസ്. ഷീലയ്ക്ക് സ്ഥലം മാറ്റം നൽകിയ ഒഴിവിൽ | അപേക്ഷ പ്രകാരം |
| 3. | ശ്രീ. ജി. സന്തോഷ് കുമാർ, സീനിയർ സൂപ്രണ്ട് (51400-110300) ഗവൺമെന്റ് പ്രസ്സ്, വയനാട് | സ്ഥലം മാറ്റം ജില്ലാ ഫോംസ് ഓഫീസർ, (51400-110300) ജില്ലാ ഫോംസ് സ്റ്റോർ, പാലക്കാട് | ശ്രീമതി. റീറ്റാ വർഗ്ഗീസിന് സ്ഥലം മാറ്റം നൽകിയ ഒഴിവിൽ | ഭരണപരമായ സൗകര്യാർത്ഥം |

PTGD/980/2023-E8

I/70900/2024

വയനാട് ഗവൺമെന്റ് പ്രസ്സിലെ സീനിയർ സൂപ്രണ്ടിന്റെ പൂർണ്ണ അധിക ചുമതല വയനാട് ഗവൺമെന്റ് പ്രസ്സിലെ ഡെപ്യൂട്ടി സൂപ്രണ്ട് ശ്രീ. എം. അബ്ദുൾ സലാമിന് നൽകുന്നു.

ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല പാലക്കാട് ജില്ലാ ഫോംസ് ഓഫീസർ ആയി സ്ഥലം മാറ്റി നിയമിക്കപ്പെടുന്ന ശ്രീ. ജി. സന്തോഷ് കുമാർ ഏറ്റെടുക്കേണ്ടതാണ്.

സ്ഥലം മാറ്റ നിയമനം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യുന്നതിനുള്ള നടപടി ബന്ധപ്പെട്ട മേലധികാരികൾ സ്വീകരിക്കേണ്ടതാണ്.

തസ്തികമാറ്റ/ സ്ഥലം മാറ്റ നിയമനം ലഭിച്ച ജീവനക്കാർക്ക് ചേരും കാലത്തിനും നിയമാനുസൃത യാത്രാബത്തക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

**ഒപ്പ്/-**
**അച്ചടി വകുപ്പ് ഡയറക്ടർ**

ബന്ധപ്പെട്ട വ്യക്തികൾക്ക്,

പകർപ്പ്:-

പ്രിൻസിപ്പൽ സെക്രട്ടറി, പ്രിന്റിംഗ് & സ്റ്റേഷനറി,
സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ് , ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ ) കേരള, തിരുവനന്തപുരം
അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ./ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ./
കൺട്രോളർ ഓഫ് ഫോംസ്/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/ സീനിയർ സൂപ്രണ്ട്/ പബ്ലിക്കേഷൻ അസിസ്റ്റന്റ്/ ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, വയനാട്/ ഷൊർണ്ണൂർ/ വാഴൂർ/ ജില്ലാ ഫോംസ് ഓഫീസർ, ജില്ലാ ഫോംസ് സ്റ്റോർ, പാലക്കാട്/ കോട്ടയം/ ജൂനിയർ സൂപ്രണ്ട് ഇ II/ ഐ.റ്റി. സെൽ/ ഫയൽ/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്